മെമ്പർ പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിയ്ക്കുന്നില്ല. മുനിസിപ്പാലിറ്റിവക പണം ഉപയോഗിയ്ക്കുമ്പോൾ അതു് എല്ലാജാതിക്കാർക്കും തരക്കാർക്കും ഉപയോഗപ്പെടത്തക്കവണ്ണം മാത്രമേ വിനിയോഗിയ്ക്കുവാൻ പാടുള്ളുവെന്നു് മുനിസിപ്പാലിറ്റി നിശ്ചയിയ്ക്കുകയാണെങ്കിൽ അതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല. മുനിസിപ്പാലിറ്റി പണം ഇന്നായിന തരത്തിൽ ചിലവു ചെയ്യണമെന്നു നിശ്ചയിയ്ക്കുന്നതു് അതാതു മുനിസിപ്പാലിറ്റികളുടെ അധികാരത്തിൽ പെട്ടതായിരിയ്ക്കണം.

മുമ്പു് കോഴിക്കോട്ടു് തളിയൽ ക്ഷേത്രത്തിനടുത്തുകൂടി രീണ്ടൽ ജാതിക്കാർ നടക്കുവാൻ പാടില്ലെന്നു് ഒരു നിയമം ഉണ്ടായിരുന്നു. അടുത്തകാലത്തുതന്നെ അവിടത്തെ മുനിസിപ്പാലിറ്റിയിൽ നിന്നും അതു് എല്ലാജാതിക്കാർക്കും ഉപയോഗിയ്ക്കത്തക്കതായി എല്ലാവർക്കും അറിയാം.

ഇന്നു് തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റി ചെയ്തിട്ടുള്ള പ്രവൃത്തിശരിയായാലും തെറ്റായാലും ആ പട്ടണത്തിലുള്ള കാരോ ജാതിക്കാർക്കും പ്രത്യേകതരത്തിലുള്ള കാരോ സ്ഥാപനങ്ങൾ ഉണ്ടാക്കികൊടുത്തിട്ടുണ്ടു്. അതുപോലെതന്നെ കുളങ്ങളും കാരോ ജാതിക്കാർക്കും പ്രത്യേകം പ്രത്യേകം ഉണ്ടാക്കികൊടുത്തിട്ടുണ്ടു്. അവക്കെല്ലാം പ്രത്യേകം ബോർഡുകളും വച്ചിട്ടുണ്ടു്.

ഈ പ്രമേയത്തിൽ പറയുന്ന കുളം തന്നെ സവർണ്ണഹിന്ദുക്കളുടെ ആവശ്യപ്രകാരമാണു കുത്തിച്ചതു്. അതുകൊണ്ടു് ആ കുളത്തിന്റെ കാര്യത്തിൽ ചെയർമാൻ കാസ്റ്റിംഗ്‌വോട്ടു് ഉപയോഗിച്ചതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. ഇന്നത്തെ നിയമത്തിനു് എതിരായിട്ടു് ഒരു റസല്യൂഷൻ കൊണ്ടുവരുമ്പോൾ അതിനെതിരിപക്ഷമുണ്ടാക്കേണ്ടതു റസല്യൂഷൻ കൊണ്ടുവരുന്ന ആളുടെ ചുമതലയാണു്. എന്നാൽ ഈ റസല്യൂഷനിൽ അനുകൂലമായോ പ്രതികൂലമായോ നില്ക്കുന്ന കാര്യത്തിൽ എനിയ്ക്കു സംശയമുള്ളതുകൊണ്ടു് ഞാൻ നിഷ്പക്ഷമായിരിയ്ക്കുവാനാണു വിചാരിയ്ക്കുന്നതു്.

Mr. M. A. Chakko:— Sir, being a citizen of Trichur and having been there for a long time and being a reader of the local newspapers, I think I can contribute something to the discussion we have before us. I see that the Hon'ble Member for Cheruthuruthy found it necessary to offer an explanation why he used his casting vote in favour of the Caste Hindus. Of course he has given reasons which I do not think can be styled as quite adequate; but there are different views on that point.

However, I am very glad to notice that the proposition about having a tank dug for the caste Hindus was first mooted by a Christian Member of the Municipal Council. So we see we are transcending the caste prejudices in all these civic matters. Further I must refer to what I have been observing as a Member of this Council for the last seven years. I have been hearing the Hon'ble Member for Cheruthuruthi attacking the Government as

LIBRARY ARCHIVES Kerala Legislative Assembly

having no backbone and as having no progressive ideas at all. He was blaming Diwans from Diwan Bahadur Mr. Narayana Ayyar downwards saying that while all people in Cochin, the subjects of His Highness the Maharaja and their representatives in this Council want the old and antiquated customs to be swept away, it is the Government that is standing in the way of the advancement which we want. Mahatma Gandhi has advocated some ideals which the people have accepted and the members of the Council also urge but the Government alone will not agree to the propositions that the peoples, representatives bring here for the progress of the State and its people.

Alas! when once that Hon. Member came to a position of responsibility he confesses that he found out that what he preached here could not be practised there. It is no wonder therefore that the Diwan or those responsible for the administration of Cochin could not hear all the preachings and act accordingly. It is therefore that I take this opportunity to bring here an apologia as the Hon. Member for Cheruthuruthy has done. I have been sinning, I think in the eyes of my friends here, by often times voting with the Government against propositions which I could not agree to which they were bringing in in the shape of resolutions. I have voted with the Government, because I say that a sense of responsibility will sometimes make us shudder at agreeing to propositions which are not practicable. For once the Hon. Member for Cheruthuruthy has seen and confessed that what he preached is not practicable! When he once had the responsibility on his shoulders about the administration of a Municipality he says that it has opened his eyes. With the best of intentions about introducing social reform into the country, he thought he must vote with the conservatives and not with the progressives. So with him I say for these reasons there are some times, causes and circumstances which will not allow us to go headlong with the current when it is running too fast or as a cataract so to say.

Now coming to the matter of the resolution, I have to mention a few circumstances as I have been able to understand it. The Kizhakkumpattukara kulam was dug. Before it was dug an estimate had to be prepared and the land had to be acquired also. Before that the proposition of devoting the tank to a particular class or caste had to be discussed. If the Municipal Council and the Chairman were candid and straight forward there would not have been this difficulty. It would appear that they had to turn their faces both ways. The Councillor for Kizhakkumpattukara had promised a tank for the people there. I have the information and knowledge that he had promised the caste Hindus a tank so that he may get their votes in order to get into the Council. Of

LIBRARY ARCHIVES Kerala Legislative Assembly

course that is not a bad thing, because when you want the vote of the people for getting into the Council it is always right to say so.

Mr. P. Kumaran Ezhuthassan:— Are you saying this from your experience ?

Mr. M. A. Chakko:—No. I have no great experience because I never had the occasion to ask for the vote of any man to get into this Council. There may be others who have such experience. Of course I have got experience because I am old enough and know how things are going on around me. But personal experience is in the other side.

Therefore if there had been candour in the first planing of the Kulam and in the execution of the plan if the people were made to understand at the outset that this tank was meant for the caste Hindus only, there would not have been any trouble. All this trouble has been caused by facing both ways. For these reasons I should think that I shall support the motion of the Hon'ble Member for South Ezhavas.

മിസ്റ്റർ ടി. കെ. നായർ:—സർ, ഈ പ്രമേയത്തെ സംബന്ധിച്ചു യാതൊന്നും സംസാരിക്കേണ്ടതായിട്ടില്ലെന്നാണ് ഞാൻ വിചാരിച്ചതു്. മുനിസിപ്പൽ ചെയർമാന്റെ എക്സ്പ്ലനേഷൻ കേട്ടപ്പോഴും എനിക്കു് ഒന്നും സംസാരിക്കണമെന്നു തോന്നിയില്ല. എന്നാൽ കൂട്ടത്തിലായി ചില മെമ്പർമാരുടെ പ്രസംഗം കേട്ടശേഷം ഈ വിഷയത്തെപ്പറ്റി രണ്ടു വാക്കു പറയുവാനാണ് ഞാൻ വിചാരിക്കുന്നതു്. വടക്കെ ഈഴവനിയോജകമണ്ഡലപ്രതിനിധിയുടെ പ്രസംഗം കേട്ടപ്പോൾ എനിക്കു വല്ലാതെ തോന്നി. അദ്ദേഹത്തിന്റെ പ്രസംഗം മുനിസിപ്പൽ ചെയർമാന്റെ കൊള്ളരുതായ്മ കൊണ്ടാണ് ഇപ്രകാരമെല്ലാം സംഭവിച്ചതു് എന്നാണ്.

വളരെ കാലമായിട്ട് മുനിസിപ്പാലിറ്റിയിൽനിന്നും കാരോ മതക്കാക്കും പ്രത്യേകിച്ച് കുളങ്ങളും മറ്റും ഉണ്ടാക്കി കൊടുത്തുവരുന്നുണ്ടെന്നു് ചെയർമാൻതന്നെ ഇവിടെ വിസ്തരിച്ചു പറഞ്ഞു. എന്നാൽ ആ അവസരത്തിൽ 'അങ്ങിനെയാണുമില്ല എന്നു് യാതൊരാളും എതിർത്തു പറഞ്ഞില്ല.

മിസ്റ്റർ കെ. അയ്യപ്പൻ:—അതിനെപ്പറ്റി വാദിക്കുവാൻ പോകുന്നു.

മിസ്റ്റർ ടി. കെ. നായർ:—അവതാരകനോടല്ല ഞാൻ പറയുന്നതു്. അവതാരകനോടു് എനിക്കു് ഒന്നും പറയുവാനില്ല. ഇതിനെ സപ്പോർട്ടുചെയ്ത രണ്ടുമെമ്പർമാരുടെ അഭിപ്രായത്തെക്കുറിച്ചാണ് ഞാൻ പറയുന്നതു്.

ചെയർമാൻ ഇവിടെ പറഞ്ഞതു് ഈഴവർക്കും ക്രിസ്ത്യാനികൾക്കും കാസ്റ്റ് ഹിന്തുക്കൾക്കുമെല്ലാം പ്രത്യേകം പ്രത്യേകം കുളമുണ്ടു്; അതു പോര എന്നുണ്ടെങ്കിൽ മറ്റൊരു കുളം കൂടി കുത്തുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ശ്രമം നടക്കുന്നുണ്ട്; മൂന്നാമതും ഒരു കുളത്തിനുവേണ്ടി ഇപ്പോൾ ആലോചിച്ചു വരുന്നുണ്ട് എന്നാണു്. ഈ മുനിസിപ്പാൽ കൗൺസിലിൽ—പല ജാതിക്കാക്കുംകൂടിയുള്ള ആ കൌൺസിലിൽ—ഒരു റസല്യൂഷൻ പാസായിട്ടു് അതു കാസ്റ്റ് ഹിന്ദുക്കൾക്കു വേണമെന്നോ വേണ്ടെന്നോ ആക്കിത്തീർക്കുവാൻ വളരെ പ്രയാസമാണു്. അതിനു് ഈ നിയമസഭയിലെ വോട്ടു നോക്കിയാൽ മതി. അഞ്ചും, അഞ്ചുംആയിട്ടു് ഒരു വോട്ടവന്നപ്പോൾ ചെയർമാന്റെ കാസ്റ്റിംഗ് വോട്ടു ചൊട്ടത്തതു് വളരെ വളരെ നന്നായിട്ടുണ്ടു്. തൃശ്ശൂർ മുനിസിപ്പാലിറ്റിയിലുള്ള മെമ്പർമാർ ഏതു സമുദായത്തിൽപെട്ടവരാണെങ്കിലും അവർ രീച്ച്വയായും കുളം എല്ലാവക്കും തുറന്നു കൊടുക്കണമെന്നു പറയുമായിരിക്കാം. എന്നാൽ റസല്യൂഷൻ പാസാകാത്ത സ്ഥിതിക്കു് മുനിസിപ്പാലിറ്റിയുടെ പ്രവൃത്തിയിൽ നാട്ടുകാക്കു ക്ഷോഭമുണ്ടോ എന്നാണു നോക്കേണ്ടതു്. സാധാരണ നിയമസഭയിൽ ഇതുപോലുള്ള സംഗതികൾക്കു കൈ പൊക്കുക, കൈ താഴ്ത്തുക, സ്തംഭിച്ചായി നില്ക്കുക എന്നുള്ളതിനേക്കാളും പരിതാപകരം ഇരട്ടി ഗൗരവമാണു് ഒരു മുനിസിപ്പാലിറ്റി വോട്ടിനുള്ളതു്. നിയമസഭയിൽ ഒരു റസല്യൂഷൻ പാസാക്കിയാലും ഇല്ലെങ്കിലും യാതൊരു നടപടിയുമില്ല. (ചിരി) മറേതു് അങ്ങിനെയല്ല. അതിനു കൂടുതൽ അധികാരമുണ്ടു്. ഇവിടെ എന്തെങ്കിലും ഞങ്ങൾക്കു പാസാക്കണമെന്നുണ്ടെങ്കിൽ നിങ്ങളോടാലോചിക്കണം. ഞങ്ങൾക്കും നിങ്ങളെപോലെ ആലോചിക്കുവാനും പ്രവൃത്തിക്കുവാനും ഇടയുണ്ടെങ്കിൽ ആലോചിച്ചേ പ്രവൃത്തിക്കയുള്ളൂ. അങ്ങേപ്പുറത്തു റസ്പാൺസിബിൾ ഗവൺമെൻറുണ്ടായതുകൊണ്ടല്ലേ ഇവിടെയുള്ള ജനപ്രതിനിധികൾ ഇറസ്പാൺസിബിളാണെന്നു പറഞ്ഞതു്!

ഇതിൽ ഈഴവസമുദായത്തെക്കുറിച്ചുകൂടി പറഞ്ഞുകാണുന്നതുകൊണ്ടു് അതിനെപ്പറ്റിയും അല്പം പറയാം. തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിലുള്ള എല്ലാ കുളങ്ങളും എല്ലാ ജാതിക്കാക്കും തുറന്നു കൊടുക്കണമെന്നു് ഒരു റസല്യൂഷൻ കൊണ്ടുവരട്ടെ. അതു ചെയ്യാതെ കിഴക്കേ വാട്ടുകുളം മാത്രം വേണമെന്നാണു പറയുന്നതു്. റസല്യൂഷന്റെ ഉദ്ദേശം കുളിക്കുവാൻ കുളമില്ല; അതുമൊണ്ടു് കുളത്തിന്റെ ആവശ്യമുണ്ടെന്നാണു്. എന്നാൽ കാസ്റ്റ് ഹിന്ദുക്കൾക്കുള്ള കുളംതന്നെ വേണം; അതു കിട്ടിയാലേ ഞങ്ങൾ കുളിക്കുകയുള്ളു എന്നു പറഞ്ഞു കഴിഞ്ഞാൽ പിന്നെ എന്താണു നിവൃത്തി? എന്റെ അഭിപ്രായത്തിൽ അനേകം ജാതിക്കാർ തമ്മിൽ വെറുതെ വഴക്കുണ്ടാക്കുന്ന ഒരു റസല്യൂഷൻ പാസാക്കിട്ടു് യാതൊരാവശ്യവുമില്ല. മുനിസിപ്പാലിറ്റിതന്നെ പല വഴികളും ചെയ്യുന്നുണ്ടെന്നു ചെയർമാൻ പറഞ്ഞു. നിങ്ങൾക്കു വേറെ ഒരു കുളം കുത്തുവാൻവേണ്ടി എണ്ണായിരം ഉറുപ്പിക സാങ്ഷനായിട്ടുണ്ടു് എന്നും പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ:—അതു വരുന്നല്ലേ ഉള്ളൂ?

മിസ്റ്റർ ടി. കെ. നായർ:—ഇതും കുത്തിയല്ലേ കൂളമായതു്? ഈ കുളത്തിന്റെ കായ്യം തീർച്ചയാക്കുവാനുള്ള അധികാരം രണ്ടു കൂട്ടർക്കാണു്. ഒന്നു് മുനിസിപ്പാലിറ്റിയുടെ അധികാരം. മറ്റേതു് ഗവൺമെന്റിന്റെ അധികാരം. ഈ രണ്ടു വഴിയ്ക്കും വോട്ടു കൊടുക്കുവാൻ ഞാൻ തയ്യാറില്ല.

തിരുവിലാമലയിൽ ഇതുപോലെ പഞ്ചായത്തിൽനിന്നും ഒരു കിണർ കുഴിപ്പിച്ചു. അതു് ഒരു അമ്പട്ടനുവേണ്ടി ഇപ്പോൾ വിട്ടുകൊടുത്തിരിയ്ക്കയാണു്. ആ കിണറിനു് അമ്പട്ടൻ കിണറു് എന്ന പേർ കൊടുത്തിരിയ്ക്കുന്നു. അയാൾതന്നെ ആ കിണറു് ഇപ്പോഴും ഉപയോഗിച്ചുവരുന്നുണ്ടു്. ഇതിനെ സംബന്ധിച്ചു് പഞ്ചായത്തു രജിസ്ട്രാരുമായി പല എഴുത്തുകുത്തുകളും നടത്തീട്ടുണ്ടു്. ഒടുവിൽ അമ്പട്ടനു വിട്ടുകൊടുക്കുവാനാണു് തീരുമാനമുണ്ടായതു്. അതു കുഴിയ്ക്കുന്ന വകയ്ക്കു് 300 ൽ ചിലപ്പോൾ ഉറപ്പികചിലവായിട്ടുണ്ടു്. പബ്ലിക്ക ഫണ്ടിൽനിന്നും ചിലവു ചെയ്യുന്നതായ സ്വത്തും എല്ലാവക്കും ഒരുപോലേയാണെന്നു് ഇതുവരെ ഒരു വിളംബരവുമുണ്ടായിട്ടില്ല.

The House rose for lunch at 2—5 p. m.

മിസ്റ്റർ ടി. കെ. നായർ:—സർ, സാമുദായികവിഷയങ്ങളിൽ വളരെ സമഭാവനയോടുകൂടി ബഹുമാനപ്പെട്ട വെള്ളാരപ്പിള്ളി മെമ്പർ ഇവിടെ സംസാരിയ്ക്കുകയുണ്ടായി. എന്നാൽ അദ്ദേഹം വേറെ ഒരവസരത്തിൽ ഈ നിയമസഭയിൽതന്നെ അദ്ദേഹത്തിന്റെ മനസ്ഥിതിയെപറ്റി പ്രസ്താവിച്ചിട്ടുണ്ടു്. ആ അവസരം ഏതാണെന്നു ഞാൻ ഇവിടെ ഓർമ്മപ്പെടുത്താം. തിരുവിലാമലയിൽ കുറച്ചു സ്ഥലങ്ങളിൽ ജലക്ഷാമം ഉണ്ടെന്നും അതുകൊണ്ടു് അവിടേയ്ക്കു് കുഴൽവെള്ളം വേണമെന്നും ഞാൻ ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അന്നു് അദ്ദേഹം എണീറ്റു് തിരുവിലാമലയിൽ കൃസ്ത്യാനികളുണ്ടോ? എന്നു് ഒരു ചോദ്യം ചോദിച്ചു.

മിസ്റ്റർ എം. എ. ചാക്കോ:—അതു് ദേവസ്വം സങ്കേതമല്ലേ?

മിസ്റ്റർ ടി. കെ. നായർ:—അതിൽനിന്നും ഞാൻ അന്നു മനസ്സിലാക്കിയതു് ദേവസ്വം സങ്കേതമായതുകൊണ്ടു് കൃസ്ത്യാനികൾക്കു് പൂർവ്വികമായിട്ടതന്നെ അവിടെ താമസിക്കുവാൻ അനുവദിച്ചിട്ടില്ല എന്നാണു്. എന്നാൽ ഇപ്പോൾ കുറേശ്ശ താമസം തുടങ്ങീട്ടുണ്ടു്. ഇങ്ങിനെ ഒരു സംഗതി അദ്ദേഹം ഉദ്യോഗത്തിലിരുന്ന കാലത്തു് തീർച്ചയായിട്ടും ധരിച്ചിട്ടുണ്ടായിരിക്കും. ഈ ഒരു ചോദ്യംകൊണ്ടു് അദ്ദേഹത്തിന്റെ മനസ്ഥിതി മനസ്സിലാക്കാത്തവർ ആളുകളാരും ഉണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. കൃസ്ത്യാനികൾ അവിടെ ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും കുഴൽവെള്ള

LIBRARY ARCHIVES Kerala Legislative Assembly

മോ, കുഴലില്ലാത്ത വെള്ളമോ കൊടുക്കേണ്ട ആവശ്യമുണ്ട്. കുസ്ത്രാനികളില്ലെങ്കിൽ കുഴൽവെള്ളത്തിന്റെ ആവശ്യവുമില്ല. എന്നതന്നെയല്ല ഈ പ്രമേയം അദ്ദേഹമൊഴിച്ച് ബാക്കി സർവ്വ അനുദ്യോഗസ്ഥന്മാരും യോജിച്ച പാസാക്കുകയുണ്ടായി. അദ്ദേഹംമാത്രം വിപരീതമായിട്ടോ, നൂടലായിട്ടോ നില്ക്കുകയുണ്ടായി. എങ്ങിനെ നിന്നുവെന്ന് എനിക്കു തീർച്ചയില്ല. ഇപ്രകാരം ഒരു സംഭവമുണ്ടായി. അതിനുശേഷം അദ്ദേഹം ഈ അവസരത്തിൽ ഈ പ്രമേയത്തെ അനുകൂലിച്ചു സംസാരിച്ചതിൽനിന്നു തന്നെ അദ്ദേഹത്തിന്റെ മനസ്ഥിതി എത്രത്തോളമുണ്ടെന്നു ഞാൻ പറയാതെതന്നെ എല്ലാവക്കുമറിയാം.

പിന്നെ സമുദായങ്ങളെല്ലാം യോജിച്ചു് ഒന്നുപോലെ ആകണമെന്നുള്ളതിൽ പലരുടേയും മനസ്ഥിതിയെപ്പറ്റി എനിക്കല്പം പറയുവാനുണ്ട്. ഒരു ചീഫ് കോട്ട് റഗുലേഷൻ അമെൻഡുമെൻറ് ബിൽ ഇവിടെ ആലോചനക്കു വന്നു. യാതൊരു തടസ്ഥവും കൂടാതെ യോഗ്യന്മാരായ ആളുകൾക്കെല്ലാം—അവർ ഏതു ജാതിക്കാരായിരുന്നാലും—ജഡ്ജിയാകാം. കുസ്ത്രാനിക്കുതന്നെ കൊടുക്കണമെന്നുള്ള നിബ്ബന്ധം മാറണം എന്നു പറഞ്ഞു് അതു് ഇവിടെ അവതരിപ്പിച്ച അവസരത്തിൽ നിങ്ങളാരും അനുഭവിക്കാത്തതായ ബീഹാറിലെ ഭൂകമ്പംപോലെയുള്ള ഒരു ഭൂകമ്പം ഇവിടെ ഉണ്ടായി. ഒരു കുസ്ത്രാനിക്കു പരാതിയുണ്ടെങ്കിൽ, അയാൾ യോഗ്യനാണെന്നു വരികിൽ അയാൾക്കും കൊടുക്കണം. കുസ്ത്രാനിക്കു കൊടുക്കണ്ടാ എന്നുള്ള നിബ്ബന്ധം പാടില്ല എന്നു് കുസ്ത്രാനികൾ വാദിക്കയുണ്ടായി. ഞാൻ ഇതു് എന്തിനു പറയുന്നുവെന്നുവച്ചാൽ "എന്നെ തൊട്ടാൽ ചുട്ടും." അപ്പോൾ എന്റെ വിഷയമൊക്കെ മാറും, ബാക്കിയുള്ള കായ്മണ്ണുകാരിലൊക്കെ നിങ്ങൾക്കു കൂട്ടു് ഞങ്ങളുണ്ടാകുമെന്നുള്ളതു്; ഞങ്ങളുടെ കായ്മമാത്രം നിങ്ങൾ മിണ്ടിപ്പോകരുതു്; ഇതാണു് ഞാൻ കണ്ടിടത്തോളമുള്ള സമുദായസ്നേഹം എന്നു കാണിക്കുവാൻ വേണ്ടിയാണു്.

ഇനി ഈ കുളത്തെ സംബന്ധിച്ചിടത്തോളം എനിക്കു കിട്ടിയിട്ടുള്ള വർത്തമാനത്തിൽനിന്നും മുനിസിപ്പാലിറ്റിയുടേയും അതിലെ മെമ്പർമാരുടേയും മനസ്ഥിതിയെക്കുറിച്ചുകൂടി ചിലതു പറയുവാനുണ്ടു്. ഇനിമേലാൽ മുനിസിപ്പാലിറ്റിയിൽനിന്നും ചിലവാകുന്ന പൊതുഫണ്ടു മുഴുവൻ എല്ലാജാതിക്കാർക്കും ഉപയോഗിപ്പുത്തക്ക വിധത്തിലേ പാടുള്ളു എന്നൊരു പ്രമേയം മിസ്റ്റർ രാമൻകുട്ടി അവതരിപ്പിച്ചു. അതിന്റെ പിന്നിലുണ്ടായതു് സെക്കൻറു ചെയ്യുവാൻ ആളില്ലാത്തതാണു്. അപ്പോൾ ആ മുനിസിപ്പൽ മെമ്പർമാരുടെ മനസ്ഥിതിയെന്താണു്? അവരുടെ മനസ്ഥിതി എത്രതരത്തിലായാലും ഇങ്ങിനെ ഒരു പ്രമേയം പാസാക്കുകയാണെങ്കിൽ അതുകൊണ്ടു പല വിഷമങ്ങളും മുനിസിപ്പാലിറ്റികളിൽ വന്നുകൂടുമെന്നുള്ളതു ധരിക്കുവാൻ മാത്രം ബുദ്ധിയുള്ള മെമ്പർമാരാണു് അവിടെ ഉണ്ടായിരുന്നതെന്നുള്ളതിനു

LIBRARY ARCHIVES Kerala Legislative Assembly

സംശയമില്ല. ഓരോരുത്തരുടേയും ഓറക്കുള്ള മനസ്ഥിതി ഒരേതരത്തിലാല്ലെങ്കിലും വരാൻ പോകുന്ന വിഷമങ്ങളെ ഭയന്നു് ആ റസല്യൂഷൻ സെക്കൻറു ചെയ്യാതെ തള്ളിക്കളഞ്ഞു. ഇങ്ങിനെയൊക്കെയുള്ള ഒരു കാര്യത്തിനുവേണ്ടി ഒരു റസല്യൂഷൻ കൊണ്ടുവന്നു് ഗവൺമെൻറിനെ നിബ്ബന്ധിച്ചു് ഒരു ആഡ്ഢർ പാസാക്കിച്ചു കളയാമെന്നു വിചാരിക്കുന്നതിനോടു് അനുകൂലിക്കുവാൻ തരമുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

ഈ വിഷയംതന്നെ ഇപ്പോൾ ദിവാൻജിയുടെ അടുത്തു് അപ്പീലിൽ ആണു് ഇരിയ്ക്കുന്നതു്. അങ്ങിനെ ഇതു് ഒരു സബ്ജുഡിസ് ആയി വിചാരിയ്ക്കുന്തക്ക നിലയിൽ ഇരിയ്ക്കുമ്പോൾ ദിവാൻജി ആലോചിച്ചു് എന്തെങ്കിലും ഒരു തീരുമാനമുണ്ടാക്കട്ടെ എന്നാണു വയ്ക്കേണ്ടതു്. ഈ റസല്യൂഷൻ, ഇവിടെ പാസാക്കുകയാണെങ്കിൽ അതു് ദിവാൻജിയുടെ തീർച്ചയ്ക്കു് അനുകൂലമാകുമെന്നു് അവതാരകൻ പറയുമെന്നു് എനിയ്ക്കു തോന്നുന്നില്ല. മുനിസിപ്പാലിറ്റിയിൽനിന്നും ഇതിലേയ്ക്കു വേണ്ടി വാദം നടത്തുന്നു. കൂടാതെ ജനങ്ങളിൽനിന്നും ഒരു കക്ഷി ഗവൺമെൻറിലേയ്ക്കു് ആക്ഷേപവും ബോധിപ്പിച്ചിരിയ്ക്കുന്നു. ഈ നിലയിൽ ഗവൺമെൻറിൽനിന്നും തീർച്ച ചെയ്യേണ്ട ഒരു കാര്യത്തിനു് നിയമസഭയിൽ പ്രവേശനമുണ്ടെന്നു് എനിയ്ക്കു തോന്നുന്നില്ല. അങ്ങിനെ പ്രവേശിപ്പിയ്ക്കുന്നതായാൽ അതു പരമാർത്ഥത്തിൽ അബദ്ധവുമാണു്. ഇപ്പോൾതന്നെ കുളിയ്ക്കുന്നതിനുള്ള സൌകര്യം ചെയ്തുകൊടുക്കുവാൽ വേറെ ഒന്നോ രണ്ടോ കുളങ്ങൾകൂടി കുത്തുവാൻ പോകുന്നുണ്ടെന്നു പറയുന്നു. എന്നിട്ടും ഇതുതന്നെ ഞങ്ങൾക്കു വേണമെന്നു പറയുന്നതിൽ "എന്തോ അന്തർഭവിച്ചിട്ടുണ്ടെന്നു" വേണം ഊഹിയ്ക്കുവാൻ. എൻറെ അഭിപ്രായത്തിൽ ഇപ്പോഴത്തെ സന്ദർഭമെല്ലാം ഒന്നാകെ തട്ടിമറിച്ചിട്ടു് എല്ലാംകൂടി ഒന്നാക്കുന്തക്കവണ്ണമുള്ള ഒരു സന്ദർഭംവന്നിട്ടുണ്ടെന്നു് എനിയ്ക്കു തോന്നുന്നില്ല. ഇന്നത്തെനിലയ്ക്കു് മുനിസിപ്പാലിറ്റി മുനിസിപ്പാലിറ്റിയുടേയും, ഗവൺമെൻറു് ഗവൺമെൻറിൻറേയും, നാട്ടുകാർ നാട്ടുകാരുടേയും കായ്ങ്ങൾ നോക്കുവാനേ തരമുള്ളു. അതുകൊണ്ടു് ഗവൺമെൻറിൻറേയും മുനിസിപ്പാലിറ്റിയുടേയും കായ്ങ്ങളിൽ നാട്ടുകാർ പ്രവേശിയ്ക്കാതിരിയ്ക്കുകയാണു നല്ലതു്. ഞാൻ രണ്ടുപക്ഷവും വോട്ടുചെയ്യുവാൻ വിചാരിയ്ക്കുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—എനിയ്ക്കും ഇതിനെ സംബന്ധിച്ചു ചിലതു പറയുവാനുണ്ടു്. കുഴിക്കുമ്പാട്ടുകര നിവാസികളായ ഭൂരിപക്ഷം ജനങ്ങൾക്കും കുടിയ്ക്കുവാനും കുളിയ്ക്കുവാനും വെള്ളമില്ലാതെയിരിയ്ക്കുമ്പോൾ മുനിസിപ്പാലിറ്റിയിൽനിന്നും പബ്ലിക്കു ഫണ്ടുവക ചിലവുചെയ്തു് ഒരു കുളം കുത്തിച്ചു്, അതു് ഒരു സമുദായക്കാർക്കു മാത്രം ആക്കിത്തീർത്തതിൽ ആ മുനിസിപ്പാലിറ്റി മെമ്പർമാരേയും അതിലെ അധികാരികളേയും അനുമോദിയ്ക്കുകതന്നെ വേണം. എത്രയെത്ര ജനങ്ങളാണു് അവിടത്തെ കുളിയ്ക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly

കുടിയ്ക്കുവാനും വെള്ളമില്ലാതെ കഷ്ടപ്പെടുന്നതു്. അവിടെ സവർണ്ണർക്കല്ലേ കുളിക്കുവാൻ കുളം ഇല്ലാത്തതു്. അവർണ്ണർക്കാണെന്നുള്ളതു് പരമാർത്ഥത്തെ ഇതുവരെയും മുനിസിപ്പാലിറ്റി മനസ്സിലാക്കാതിരുന്നതിൽ ഞാൻ ഏറ്റവും ശ്ലാഘിക്കുന്നു. ബഹുമാനപ്പെട്ട പഴയന്നൂർ മെമ്പർ പറയുകയുണ്ടായി സവർണ്ണർക്ക് കുളമില്ലാഞ്ഞിട്ടല്ലായെന്നു്. അതിന്റെ അർത്ഥം മനഃപൂർവ്വം ഈ സാധുക്കളെ ദ്രോഹിയ്ക്കണമെന്നും അവരെ അതിൽ പ്രവേശിപ്പിയ്ക്കരുതെന്നും അവർക്ക് ഉദ്ദേശമുള്ളതുകൊണ്ടാണെ ഞാൻ മനസ്സിലാക്കിയിരിയ്ക്കുന്നതു്. ആ കുളം സവർണ്ണർക്കു മാത്രമായിട്ടാണു് അനുവദിച്ചിട്ടുള്ളതെന്നു് തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റി ചെയർമാൻ പറയുകയുണ്ടായി. അതു വാസ്തവമാണെന്നു് എനിയ്ക്കു തോന്നുന്നില്ല. എന്റെ അറിവു് അവിടത്തെ ജനങ്ങൾക്ക് ഒരു കുളം ആവശ്യപ്പെട്ടതനുസരിച്ചു അനുവദിച്ചു എന്നാണു്. ഞാൻതന്നെ ഇതിനെ സംബന്ധിച്ചു് പല ചോദ്യങ്ങളും ഈ കൌൺസിലിൽ ചോദിച്ചിട്ടുണ്ടു്. ഇന്നാലത്തെ ഈ സംഗതി ആലോചനയിലിരിയ്ക്കുന്നു; ആലോചന കഴിഞ്ഞിട്ടില്ല എന്നു് ഒരു ചോദ്യത്തിനു മറുപടി പറയുകയുണ്ടായി. എന്നാൽ ഇപ്പോൾ ഈ കുളം സവർണ്ണർക്കു് മാത്രമായി പരിണമിച്ചതു് എങ്ങിനെയാണെന്നു് അറിയുവാൻ എനിയ്ക്കു് അതിയായ ഉൽക്കണ്ഠയുണ്ടു്. പബ്ലിക്കിന്റെ വകയായി കഴിപ്പിച്ച ഈ കുളം എല്ലാവർക്കും അവകാശമുള്ളതാണു്. ആ സ്ഥിതിയ്ക്കു് ഗവൺമെൻറ് ഇതു് ഒരു കൂട്ടർക്കു മാത്രമാക്കിത്തീർക്കുന്നതു് ഒരിക്കലും ഉചിതമല്ല. ഒരു പക്ഷേ ഈ നിയമസഭതന്നെ ഈ കുളം ഒരു സമുദായക്കാർക്കു മാത്രമേ ഉപയോഗിയ്ക്കുവാൻ പാടുള്ളു എന്നവരുത്തിയാൽ അപ്പോൾ തൃശ്ശൂർ മുനിസിപ്പാലിറ്റിയുടെ വന്നിട്ടുള്ള ആക്ഷേപത്തേക്കാൾ കൂടുതൽ ആക്ഷേപം ഈ നിയമസഭയ്ക്കു വന്നുഭവിയ്ക്കും.

പിന്നെ മെല്ലായി മെമ്പർ ഉവിടെ പറഞ്ഞതു് കുളത്തിന്റെ ആവശ്യകത ചിലപ്പോൾ കാര്യങ്ങൾക്കും, ശവസംസ്കാരാദി ക്രിയകൾക്കുകൂടി ഉപയോഗപ്പെടുത്തുവാനുള്ളതാണെന്നാണു്. ആ ആവശ്യം എല്ലാവർക്കും ഉണ്ടാകും. എന്നാൽ സവർണ്ണസമുദായക്കാർക്ക് ഇങ്ങിനെയുള്ള പ്രത്യേക കാര്യങ്ങൾക്ക് പ്രത്യേകിച്ചുള്ള കുളങ്ങൾ ഉണ്ടായിരിയ്ക്കും. അതിനു് ഈ കുളം വേണ്ടിവരുമെന്നു ഞാൻ വിചാരിക്കുന്നില്ല.

എനിയ്ക്കു് ഈ കാര്യത്തിൽ ഗവൺമെൻറിനോടും മുനിസിപ്പാലിറ്റിയോടും പറയുവാനുള്ളതു് എന്റെ സമുദായക്കാർക്കാണു് അധികവും കുളിക്കുവാൻ വെള്ളമില്ലാതേയും നടക്കുവാൻ വഴിയില്ലാതേയും ഇരിക്കുന്നുവെന്നുള്ളതാണു്. ഇനിയും അവർക്കുവേണ്ടി രണ്ടോ മൂന്നോ കുളങ്ങൾ കുഴിച്ചുകൊടുക്കാമെന്നു പറയുന്നു. അങ്ങിനെയായാൽ കിഴക്കുമ്പാട്ടുകരയിൽ കുളങ്ങളെക്കൊണ്ടു നിവൃത്തിയില്ലാതെവരും. ഇപ്പോൾ തൃശ്ശൂർ പട്ടണത്തിൽ ഉള്ള എല്ലാസമുദായക്കാർക്കും കാരോ കുളംവീതം കുഴിച്ചു കൊടുത്തുകഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ പട്ടണംതന്നെ ഇല്ലാതെയാകും. അതുകൊണ്ട് ആ കുളങ്ങളുടെ കാര്യമൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. ഈ പ്രമേയത്തിൽ പറയുന്ന കുളം കുഴിക്കുവാൻ ആരംഭിച്ചതു മുതൽ തക്കമുള്ളതാണ്. അതുനേരെയാക്കി ആ കുളം എല്ലാവക്കും ഉപയോഗിക്കുവാൻ അനുവദിയ്ക്കണമെന്നാണ് എന്റെ അപേക്ഷ.

Mr. C. A. Ouseph:—It is a merest accident that has made me take part in the discussion this evening. I would have very gladly avoided it because it is a very controversial matter. But when I came to the hall at lunch time I heard that certain representations have been made which I as a citizen of Trichur can completely controvert. The Kizhakkumpattukara tank question has been a long standing one and as far as I know I am strengthened by records in my possession, that this tank was started as a public tank. In considering this question it is not necessary to go and read the mentality of persons. We are not concerned here with what the member for A said at one time or the member for B said at another time. That is all bringing into discussion, matters which must be eschewed. A certain fashion has lately been growing up to read into the motives of the members, to speak and to read their minds and to judge upon their 'Manasthithi.' That does not settle any question and that is doing scant disabuse to the high traditions that this Council has been able to build during the last ten years. Now, sir, this tank has been sanctioned by the Government. I am not in possession of the resolutions and I believe the resolutions as such have not been placed before the Council. But I will read the report which the chairman of the Trichur Municipality has submitted to the Government in seeking sanction for this tank. This Kizhakkumpattukara is part of village No. 22 and lies in a remote corner of the town. There is no public tank for the use of the people at Kizhakkumpattukara. All the people there—not a section of the people—are experiencing certain inconveniences and difficulties. Since the year 1103 these people have been agitating for a tank in the locality. Realising the due need for a tank in this part, the Council took up the question last year. Various proposals came before the Council in the matter of location of the tank. The Council referred the matter to a Committee who conducted a personal inspection of the proposed sites and selected survey No. 501 as the most suitable. The proposal of the Committee was placed in Council and the Council approved it.

"ഈ സംഗതി കൌൺസിലിൽ വന്നപ്പോൾ ഞാൻ ഇതു പബ്ലിക്കു കുളം എന്നുമാത്രം പറഞ്ഞു എല്ലാവക്കും ഉപയോഗിയ്ക്കത്തക്കതാക്കണമെന്നു അഭിപ്രായപ്പെട്ടു. അതിനു ചിലർ വിരോധം പറഞ്ഞുവെങ്കിലും എതു മാതിരി ആക്കണമെന്നു തീച്ചയായി ഒന്നും നിശ്ചയിച്ചിട്ടില്ല. അഭി

LIBRARY ARCHIVES Kerala Legislative Assembly

പ്രായം പറഞ്ഞതു് ഒരു പഴയകുളമുള്ളതു് നേരെയാക്കണമെന്നും, ഒരു പുതിയ കുളം കുഴിപ്പിയ്ക്കണമെന്നുമായിരുന്നു. ഇപ്പോൾ തുറന്നിരിയ്ക്കുന്നതു് രണ്ടു കുളങ്ങളും വേണമെന്നും അതു രണ്ടും പബ്ലിക് ടാങ്ക് എന്നു മാത്രം പേരുപറഞ്ഞു് ആക്ഷേപമില്ലാത്തവിധത്തിൽ ഉപയോഗിയ്ക്കത്തക്കതാക്കണമെന്നുമാണു്.....”

Now I need not say further to show that what the Municipality has reported to the Government is to have a public tank there. Now that public tank is given a very restricted meaning as public for a section of the people.

Mr. E. Ikkanda Warrier:—Does this tank refer to the tank that is now under dispute?

Mr. C. A. Ouseph:—Yes. Now I have a letter written by the chairman of the Municipality to one person and which has been published in one of the dailies. I shall read.

“നിശ്ചയിച്ചിരിയ്ക്കുന്നതു്. ഞാൻ അതു മാറിടി കൊണ്ടിരിയ്ക്കുവാൻ തീർച്ചയാക്കീട്ടുണ്ടു്. ഇപ്പോൾ സംഗതികൾ അധികപക്ഷം നോക്കിയല്ലേ തീർച്ചയാക്കേയുള്ളു.”

So that there was no origin of the tank as dedicated to a particular section of the people. It was a tank for the people and what the question of this Council is whether the Municipality will be justified in the circumstances of the case in setting apart this tank which had its origin as a public tank for the people of Kizhakkumpattukara as a tank for a few caste Hindus of the locality.

Dr. A. R Menon:— Excuse me. Let me correct you. That is the view expressed by me. The Council expressed a different view altogether.

Mr. C. A. Ouseph:— Now, sir, this question dragged on from day to day—the origin of the thing. Now it came for voting finally in the Trichur Municipal Council. The Trichur Municipal Council consists of 21 members. When the matter came up for discussion in the Trichur Municipality though the Municipality has 21 members and this question was pending for a very long time and was difficult of settlement 16 members attended 5 members remained neutral and the Chairman did not vote. Only 5 members voted either way, and it is only finally that the chairman gave his casting vote. Under the circumstances when the members themselves evinced a difficulty in taking part in the resolution that came up before the Council whether the Government should not interfere and do right to the people. Now sir, I will go into the merits of this question. Kizhakkumpattukara is one of the poorest parts of the Trichur town. I may say it is poorer than any other place in the Trichur town. There, there is need for water more than any other

LIBRARY ARCHIVES Kerala Legislative Assembly

place in the Trichur town. There are the poorer classes. The number of caste Hindus is the smallest. No body grudges the giving of tanks to the caste Hindus. Give them any number of tanks. In Trichur there are caste Hindu tanks more than in any other town or village, in the Cochin State. In the year 1091 there was a specific order by the then Government of Cochin that Municipal funds should not be diverted for sectarian purposes. The Municipality has been diverting its funds and no-body was questioning why it was doing so. It was at the time of Sir J. W. Bhore that this was laid down in the most specific terms when so many tanks were constructed for caste Hindu purposes after that. Nobody grudges the giving of tanks to the caste Hindus of the locality but the question is whose need is the more urgent, who were demanding the tank in Kizhakkumpattukara. It was the whole people. But when the tank comes it goes to a section of people. That is the only trouble. If the caste Hindus are in need of a tank well and good, give it to them. As a matter of fact I know that even in Kizhakkumpattukara there is a large section of caste Hindus saying that the tank in a particular temple is more suited to them and that the Municipality may be pleased to improve that tank and that they will be satisfied. There were some petitions to the Municipality and to the Diwan to this effect. There is no other place which is urgently in need of a public tank. When the tank has been constructed and the work is finished instead of giving the tank to the public, if you give it to a small section of the people that will be a great hardship. There is no other thing here. No body is saying that the caste Hindus should not be given any tanks. The Member for Pazhayannur is quite mistaken in thinking that the Chairman of Trichur or of any other place or the Ezhavas or the Konans or the Muhammadans grudge against the caste Hindus being given any tank. Give them any number of tanks. There are any number of tanks already public and private for the caste Hindus. If necessary add to it. Water is the dearest thing in Trichur. But when a tank is constructed and finished meet the greater need. That is all what I have to say. This is situated in the centre of a place which is surrounded on all sides by all sorts of people, Christians, non caste Hindus, Konans, Ezhavas &c. Whether the tank should be given to them is the only question. The other questions do not arise—communal prejudice and caste hatred—we need not approach this question from any other stand point. That is foreign to this issue. The question is whose need is greater. Is it the need of 60 or 70 families of caste Hindus of the place or the needs of three to four hundred families of the place belonging to other castes. I am at one with the Member for Pazhayannur in thinking that as the question is pending before the Government and under such circumstances it is very

LIBRARY ARCHIVES Kerala Legislative Assembly

bad and embarrassing the authorities who have to decide upon that and I would request the mover to withdraw the resolution.

Rama Varmha Tampuran:— I have explained the situation at the very outset. I just gave a short summary of the reports. The Divan will pass final orders after hearing both the parties. I would request the Hon'ble Member not to press the resolution. It will only be fair to the Government and to the whole House not to press the resolution.

മിസ്റ്റർ കെ. അയ്യപ്പൻ.—ഈ മോഷൻ പ്രസ്സു ചെയ്യുന്നില്ലെന്നു ഞാൻ ആദ്യമേ പറഞ്ഞുകൊള്ളുന്നു. ഇപ്പോൾ ഞാൻ പറയുന്നതൊന്നും ഇപ്പോൾ ദിവാൻജി അറിയുവാനിടയില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ തീരുമാനത്തിനു് ഇതു ബാധകമായുമില്ല. ഇപ്രകാരമുള്ള വാദപ്രതിവാദങ്ങൾ ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഞാൻ ഈ നിശ്ചയം കൊണ്ടു വന്നിട്ടുള്ളതു്. എന്നാൽ ഇന്നത്തെ വാദപ്രതിവാദം കേട്ടശേഷം എനിയ്ക്കു സപ്പോർട്ടു ചെയ്യുവാൻ തരമില്ല.

നമ്മുടെ എല്ലാവരുടേയും—പബ്ലിക്കാണ്ഷ്യസ്—മനസ്സിൽ വർദ്ധിയ ചിന്ത ഉറച്ചുകിടക്കുന്നു. അതില്ലെന്നു നിഷേധിയ്ക്കുവാൻ ആർക്കും നിവൃത്തിയില്ല. അതു മുലപ്പാലോടുകൂടി വലിച്ചു കുടിച്ചാണു നാം വളർന്നുവന്നിട്ടുള്ളതു്. അതുകൊണ്ടു് എന്തു പ്രയോഗം വന്നാലും അതിൽ ഈ ചിന്ത പാടിവീഴും. പക്ഷേ ചെയ്യുന്ന സംഗതി നിങ്ങൾ ആ മനഃസ്ഥിതിയോടുകൂടി നോക്കാതെ കിഴക്കുംപാട്ടുകരത്തിന്റെ കായ്മ മാത്രമായിട്ടു് ഒന്നാലോചിയ്ക്കണം എന്നു ഞാൻ അപേക്ഷിയ്ക്കുന്നു.

ആദ്യമായി ഈ സംഗതിയിൽ എന്റെ വാദത്തിനു മുഖവിഷ്പ്പൽ ചെയർമാനും ഗവർമ്മെൻറും പറഞ്ഞഭാഗം ഞാൻ തെളിവായിട്ടെടുക്കാം. കിഴക്കുംപാട്ടുകരയിൽ ഒരു കുളം പബ്ലിക്കുവകയായി കുഴിപ്പിയ്ക്കുവാൻ ആലോചിച്ചു. അതിലേക്ക് രണ്ടു സ്ഥലം നിശ്ചയിച്ചു് ഏതാണു വേണ്ടതെന്നു് ആദ്യം തർക്കമുണ്ടായി. പിന്നെ രണ്ടും വേണം എന്നു തീരുമാനിച്ചു. കുടിവിൽ രണ്ടു കക്ഷികൾതമ്മിലുള്ള തർക്കമായിതീർന്നു. അങ്ങിനെയിരിയ്ക്കുമ്പോൾ മിസ്റ്റർ ഫ്രാൻസിസ് എന്നൊരുത്തൻ ജാതിഹിന്ദുക്കൾക്കു് ഒരു കുളം കുഴിപ്പിയ്ക്കുവാൻവേണ്ടി ഒരു റസല്യൂഷൻ കൊണ്ടുവരുന്നു. അതുതന്നെ സംശയത്തിനു കാരണമാണു്. കൊച്ചീരാജ്യത്തു് ഇങ്ങിനെ ജാതിഹിന്ദുക്കളുടെ കായ്മ നോക്കുവാനായിട്ടു് ഇത്രത്തോളം പ്രകടം പറഞ്ഞു നടക്കുന്ന കസ്ത്യതവും മൂത്ത കസ്ത്രാനികളും ഉണ്ടെന്നു് എനിയ്ക്കു തോന്നുന്നില്ല.

ഡാക്ടർ പി. ആർ. മേനോൻ.—എനിയ്ക്കു് ഇതിൽ മുന്നേ പറയുവാനുള്ള. ഫ്രാൻസിസ് ആ വാർഡിലെ പ്രതിനിധിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ.—എനിയ്ക്ക് അദ്ദേഹത്തെക്കുറിച്ച് അഭിപ്രായമൊന്നും പറയുവാനില്ല.

മുനിസിപ്പാലിറ്റി ചെയർമാൻ തന്നെ ഈ വക കായ്യങ്ങളിൽ വളരെ വിശാലഹൃദയമുള്ള ഒരു മനുഷ്യനും, വളരെ ശക്തിയായിപരിശ്രമിക്കാരങ്ങിലേക്കുവേണ്ടി യുദ്ധം ചെയ്യുന്ന മാന്യനുമാണ്. ഞാൻ അദ്ദേഹത്തെ താങ്ങുന്നത് അദ്ദേഹം അങ്ങിനെയുള്ള ഒരാളായതുകൊണ്ടാണ്. അദ്ദേഹവുംകൂടി ഇപ്പോൾ ഇതിനെതിരായിട്ട് വന്നിരിയ്ക്കുന്നു. മൂന്നുനാലു കൗൺസിലർമാരും ഇതിനെതിരായിട്ട് വരുന്നു. കൂടുതൽ ആളുകൾ ഒന്നും പറയാതെ ഒഴിഞ്ഞുനില്ക്കുന്നു. ഇതു വളരെ പ്രധാനപ്പെട്ട ഒരു പ്രമേയം മുനിസിപ്പൽ കൌൺസിലിൽ ആലോചനയ്ക്കു വന്നിട്ടു വളരെ മാസങ്ങൾ കഴിഞ്ഞശേഷം ഒടുവിൽ ചെയർമാൻ കാസ്റ്റിംഗ്‌വോട്ടു കൊടുത്തു് അതു പാസ്സാക്കിച്ചെന്നറിയുന്നു. ഇതെല്ലാം എന്റെ വാദത്തിനു് അനുകൂലമായ സംഗതികളാണു്. കൂട്ടിൽ കിടന്ന പുലിയെ തുറന്നിട്ട നമ്പൂതിരിയെ പുലി കടിക്കാൻ ചെന്ന കഥയാണു് ഇപ്പോൾ ഓർമ്മവരുന്നതു്. പുലിയും നമ്പൂതിരിയുംകൂടി തർക്കമായപ്പോൾ കുറുക്കൻ ചെന്നു മുമ്പിലത്തെ സ്ഥിതിയിൽ രണ്ടുപേരേയും നില്ക്കുവാൻ ആവശ്യപ്പെട്ടു. പുലി കൂട്ടിൽ കടന്നു. കൂടു് അടച്ചു. നമ്പൂതിരിഅമ്മാവൻ നമ്പൂതിരി അമ്മാവന്റെ പാട്ടിനുപോകുക. പുലിയമ്മാവൻ അവിടെ കിടക്കുക എന്നു കുറുക്കൻ പറഞ്ഞു. കീഴ്ക്കുമ്പാട്ടുകരക്കാരും പൂർവ്വസ്ഥിതിയിൽ ഇരിക്കട്ടെ എന്നാണു പറയാനുള്ളതു്.

ഞാൻ ഈ വിഷയം കൊണ്ടുവന്നതു കുറെ ആളുകൾക്കു കുളിയ്ക്കുവാൻ കുളംകുഴിവാൻ വേണ്ടിയുള്ള ഉദ്ദേശത്തോടുകൂടിയല്ല. ഓരോ സമുദായക്കാരുടേയും ന്യായമായ സെൻറിമെൻറിനെ ആദരിയ്ക്കേണ്ടതു സ്റ്റോറു പാളിസി ആയിരിയ്ക്കണം; മുനിസിപ്പാലിറ്റി പാളിസിയായിരിയ്ക്കണം. അതിനെ ഞാൻ നിഷേധിയ്ക്കുന്നില്ല. എന്നാൽ ആ കാരണവും പറഞ്ഞുകൊണ്ട് എല്ലാകായ്യവും തടഞ്ഞാൽ ശരിയല്ല. കീഴ്ക്കുമ്പാട്ടുകരക്കാരും ഒരു പൊതുക്കാര്യമായി എല്ലാവർക്കും തുറന്നുകൊടുക്കുന്ന കായ്യത്തിൽ ബഹുമാനപ്പെട്ട ഊരകം മെമ്പർക്കും ചെയർമാനും അനുകൂലാഭിപ്രായമുണ്ടായിരുന്നു. അവർ പൊതുജനങ്ങളുടെ മനഃസ്ഥിതിയുംകൂടി നോക്കാതെ അഭിപ്രായം പറയുന്നവരാണോ?

മിസ്റ്റർ എം. കൃഷ്ണമേനോൻ.—ഊരകം മെമ്പർ വോട്ടു ചെയ്യുവോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—ഞാൻ Second ചെയ്യും.

മിസ്റ്റർ കെ. അയ്യപ്പൻ.—അവർ പൊതുജന മനസ്ഥിതിയെ നോക്കുന്നവരായതുകൊണ്ട് അവരുടെ ആദ്യത്തെ അഭിപ്രായം പൊതുജന മനസ്ഥിതി നോക്കാതെ ഉണ്ടായിട്ടുള്ളതായി വിചാരിച്ചുകൂടാ. അവർ പിന്നീടാണു മാറിയതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ.—അതിനു കാരണമെന്താണ്?

മിസ്റ്റർ കെ. അയ്യപ്പൻ:—പേരു കാരണങ്ങളുണ്ട്.

മിസ്റ്റർ ടി. കെ. നായർ.—അങ്ങിനെ മനഃസ്ഥിതിയുള്ള ആളുകൾ വോട്ടു ചെയ്യുവസാനിപ്പിച്ചാൽ അതിൽ എന്തോ ഗൗരവമായ കാര്യമുണ്ടെന്നു വിചാരിയ്ക്കണ്ടേ?

മിസ്റ്റർ കെ. അയ്യപ്പൻ.—ഗൗരവമായ മറ്റു കാരണങ്ങളുണ്ട്. അതാണു ഞാൻ ഗവൺമെൻറിനോടു പറയുന്നതു്. അതു നിങ്ങൾക്ക് ആലോചിയ്ക്കേണ്ട കാര്യമില്ല. പൊതുജനങ്ങളെ സംബന്ധിയ്ക്കുന്ന പൊതുവായുള്ള തത്വങ്ങളെക്കുറിച്ചാണ് നിങ്ങൾ ആലോചിയ്ക്കേണ്ടതു്. ഇതു് എതാനും പേരെ മാത്രം സംബന്ധിയ്ക്കുന്ന ഒരു കാര്യമല്ല.

സോഷ്യൽ റിഫാം മുനിസിപ്പൽ കൌൺസിലിൻറെ ജോലിയല്ലെന്നു ചെയർമാൻ ഇവിടെ പറയുകയുണ്ടായി. അതിൽ ഞാനും യോജിയ്ക്കുന്നു. ഗവൺമെൻറു സ്വീകരിച്ചിട്ടുള്ളതായ പൊതുതത്വങ്ങളെ ഭേദപ്പെടുത്തുവാൻ മുനിസിപ്പാലിറ്റിയ്ക്കോ അതിലെ ചെയർമാനോ അവകാശമില്ല.

കഴിയുന്നതും ജനരക്ഷയ്ക്കാവശ്യമായ കാര്യങ്ങളിൽ പ്രവൃത്തിയ്ക്കുന്നതാണു് ഗവൺമെൻറിൻറെ നയമെങ്കിൽ ഈ നിമിഷംവരെ നടന്നകാര്യങ്ങൾ എങ്ങിനെയെങ്കിലും നടക്കട്ടെ; അതു നമുക്കു ക്രമേണ മാറിക്കൊണ്ടുവരാം. ഇനിയുള്ള കാര്യങ്ങളെങ്കിലും ശരിപ്പെടുത്തുവാൻ തക്കവിധത്തിലുള്ള തത്വങ്ങൾ അനുസരിച്ചല്ലേ മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും പ്രവൃത്തിയ്ക്കേണ്ടതു് എന്നാണു ഞാൻ ചോദിയ്ക്കുന്നതു്. കാര്യങ്ങൾ എത്ര നിസ്സാരങ്ങളായാലും ഒരു വലിയ ജനതയെ സംബന്ധിയ്ക്കുന്ന ഒരു വലിയ തത്വത്തിനു കോട്ടം വരത്തക്ക നിലയിൽ തീരുമാനമുണ്ടാക്കരുതു്. നിങ്ങൾക്കു തെറ്റുപറ്റീട്ടുണ്ടെങ്കിൽ ആ തെറ്റു തിരുത്തുവാൻ ഇനിയും താമസിച്ചിട്ടില്ല. തെറ്റു നിങ്ങൾക്കു വന്നാലും തരക്കേടില്ല. പൊതുവേയുള്ള ആദർശത്തിൽ തെറ്റുപറ്റിയാൽ വലിയ ദോഷമുണ്ടു്. ഇന്നു് ഈഴവരുടേയും, ജാതിഹിന്ദുക്കളുടേയും, ക്രിസ്ത്യാനികളുടേയും എല്ലാവരുടേയും ലക്ഷ്യം കുന്നല്ലേ? ആ സ്ഥിതിയ്ക്കു് സമുദായങ്ങൾ തമ്മിൽ തല്ലുവാൻ ഇടയാവുന്ന മാതിരിയുള്ള പരിതഃസ്ഥിതികളിൽനിന്നു് അവരെ പിടിച്ചുകൊണ്ടുവരാനായിരിക്കണം നമ്മുടെ ശ്രമം. മുനിസിപ്പൽ ചെയർമാൻ അദ്ദേഹത്തിൻറെ നയകുശലതയും, വാക്ചാതുരിയും മുഖാന്തരം ഉപയോഗിച്ചു് മുനിസിപ്പൽ സഭയിലെ എല്ലാമെമ്പർമാരെയും കൂടി പൊതുവാക്കുന്നതു നല്ലതുതന്നെ എന്നു് അനുകൂലിയ്ക്കുകയാണു വേണ്ടിയിരുന്നതു്. എന്നാൽ അദ്ദേഹത്തിൻറെ കാര്യത്തിൽ ഇങ്ങിനെ ഒരു നിലവന്നതിൽ ഞാൻ പരിതപിയ്ക്കുന്നു. തൃശ്ശൂരിലെ ഒരു റോഡിൻറെ കാര്യംവന്നപ്പോൾ അദ്ദേഹം പൊതുജനപക്ഷം നിന്നു് ഗവൺമെൻറിനോടു യുദ്ധംചെയ്തു. ഇതുപോലെയുള്ള കാര്യങ്ങളിൽ പരിഷ്കാരത്തിനുവേണ്ടി യുദ്ധം ചെയ്യുന്ന കരാർ ഈ നിസ്സാരസംഗതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങിനെയുള്ള ഒരു നിലഎടുത്തല്ലോ എന്നുള്ള ഒരു വ്യസനമാണ് എനിയ്ക്കുള്ളത്. ഞാൻ അദ്ദേഹത്തേയോ ഇവിടെയുള്ള ജാതിഹിന്ദുക്കളേയോ ആക്ഷേപിയ്ക്കുകയല്ല ചെയ്യുന്നത്.

ജാതിഹിന്ദുക്കൾക്കിടയിൽ കുളങ്ങൾ ധാരാളമുണ്ട്. അവയ്ക്ക് കുടിയ്ക്കുവാനും കുളിക്കുവാനും വെള്ളത്തിനു യാതൊരു പ്രയാസവുമില്ല. ബാക്കിയുള്ളവയ്ക്കു വേണ്ടിയാണു കുളം തുറന്നുകൊടുക്കേണ്ടത്. കുടിവെള്ളത്തിൽ ഈഴവയ്ക്കു മാത്രമായി ഒരു കുളമുണ്ടെന്നും അവിടെ ഈഴവയ്ക്ക് മാത്രമുള്ളത് എന്നു ബോർഡു വെച്ചിട്ടുണ്ടെന്നും ഇവിടെ പറയുകയുണ്ടായി. അവിടെയുള്ള വല്ല മറയന്മാരും മറയത്തരം ആവശ്യപ്പെട്ടാൽ അതു മുനിസിപ്പാലിറ്റി അനുവദിച്ചു കൊടുത്തതു ശരിയായില്ല. കൂടുതൽ അറിവും പഠിപ്പും ബുദ്ധിവികാസവുമുള്ള സമുദായങ്ങൾ തന്നെ ചിലപ്പോൾ മറയത്തരം കാണിച്ചുപോകുമ്പോൾ അറിവിലും പഠിപ്പിലും പിന്നോക്കം നില്ക്കുന്ന ഈഴവർ കുറെ മറയത്തരം കാണിക്കുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ?

ഇനി ഒരു സംഗതികൂടി പറയുവാനുണ്ട്. ഈ കുളങ്ങളെല്ലാം തന്നെ മൂടിക്കളഞ്ഞാൽ കൊള്ളാമായിരുന്നു. മെഡിയ്ക്കൽ മെമ്പർ അവർകളും എന്റെ അഭിപ്രായത്തോടുകൂടി യോജിയ്ക്കുതന്നെ ചെയ്യും. സാനിട്ടേഷനുവേണ്ടി ഇതു് ആവശ്യമാണെന്ന് അദ്ദേഹം സമ്മതിയ്ക്കും. ഈ തക്കങ്ങളെല്ലാം രീതികയ്യാചെയ്യും. എല്ലാസ്ഥലത്തും കിണറുകൾ കുഴിച്ചാൽ മതി.

കുളത്തിൽ കുളിച്ചാൽ രോഗം വരാതിരിക്കുന്നതിലാണ് അത്ഭുതം. അമ്പലക്കുളം തന്നെ പാവനമാണെന്നു പറയുന്നു; അതിൽ കാലുകഴുകുവാൻ എന്നോടുപറഞ്ഞാൽഞാൻ ചെയ്യുകയില്ല. അതിനു് ഒരു ഫർലാങ്ങ് അടുത്തുകൂടി പോകുവാൻ പറഞ്ഞാൽ ഞാൻ മൂക്കു പൊത്തിപ്പിടിയ്ക്കും. പൂർവ്വാചാരക്കാർക്ക് ആചാരങ്ങൾ വിടാൻ പ്രയാസമുണ്ടാകും. അവരുടെ മനോഭാവത്തെ ആദരിക്കാതെ തരമില്ല. പക്ഷെ അവരുടെ പൂർവ്വാചാരനിബ്ബന്ധം മൂലം മുന്നോട്ടുപോകുവാൻ പ്രയാസപ്പെടുന്ന ചില സമുദായങ്ങൾക്കും മനോഭാവമുണ്ട്. ഈ രണ്ടു മനോഭാവങ്ങളും തമ്മിൽ ഉരസാൻ ഇടവരാതെ വിട്ടുവീഴ്ചകൾ അന്യോന്യം ചെയ്തുകൊണ്ടു പോകുന്നതിലാണ് രാജ്യതന്ത്രജ്ഞന്മാർ നയംകാണിക്കേണ്ടത്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:— മുനിസിപ്പാലിറ്റിയിൽ വോട്ടെടുക്കുന്ന സമയത്തു് ഞാൻ അവിടെനിന്നും ഓടിപ്പോയി എന്ന തരത്തിൽ റിമാർക്ക്സ് ഉണ്ടായി. അതു് ഏതു സന്ദർഭത്തിലാണുണ്ടായതു് എന്നറിയുന്നതു നന്നായിരിക്കും. ഞാൻ ആ പ്രമേയം അവിടെ കൊണ്ടുവന്നപ്പോൾ സെക്കണ്ടു ചെയ്തു. ആ പ്രമേയം പിന്നീടു വാദപ്രതിവാദത്തിനു വന്നപ്പോൾ അഞ്ചോ ആറോ പ്രാവശ്യം നീട്ടി വച്ചു. ആ അവസരങ്ങളിൽ വളരെ കഷ്ടപ്പെട്ടു് ഞാൻ അവിടെ ഹാജരായിട്ടുണ്ട്. എന്നാൽ അന്നൊന്നുംആയതു വോട്ടിനിട്ടില്ല. നിർഭാഗ്യവശാൽ വോട്ടെടുത്ത ദിവസം

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയുടെ സ്റ്റാൻറിംഗ്‌ഫിനാൻസ് കമ്മിറ്റിയോഗത്തിൽ ഹാജരാകുവാൻ ഞാൻ എറണാകുളത്തേക്കു വന്നു. രാത്രിയിലെ വണ്ടി വരുന്നതുവരെ അതു നീട്ടിവയ്പിക്കുവാൻവേണ്ടി എൻറെ ഒരു സ്നേഹിതനെ എറ്റിട്ടിട്ടാണ് ഞാൻ പോന്നതു്. ഞാൻ രാത്രി വണ്ടിക്കു തൃശ്ശിവപേരൂർ എത്തുകയും ചെയ്തു. എന്നാൽ ഞാൻ ചെല്ലുന്നതിനു മുമ്പു യോഗം പിരിഞ്ഞു. പ്രവൃത്തിക്കുവാൻ ധൈര്യമില്ലാത്തതോ നിവൃത്തിയില്ലാത്തതോ ആയ സംഗതികൾ ഞാൻ പ്രസംഗിക്കാറില്ല.

Motion was, with leave, withdrawn.

Rama Varmha Tampuran:— Sir, Yesterday during the question time some of the Hon'ble Members wanted to know the arrangements made for disinfecting goods at Mattancheri and I promised that I will collect the information and place it before the House. Either I will place it before the House or I will, with your permission, read it.

Mr. P. Kumaran Ezhuthassan:— As it is only very short, you please read it.

Rama Varmha Tampuran:— The first question was what were the methods employed to disinfect goods in Mattancherry. The answer is that the goods were sprayed with the kerosene Emulsion. Then the question was put, "Was that method employed with regard to all classes of goods irrespective of its kind and quality." That question was raised and it was alleged that several articles were spoiled by disinfecting them with kerosene oil. The answer is 'No'. Such of the goods as could be sprayed with that lotion were alone disinfected by using kerosene emulsion while others were exposed to sun's rays alone. There has been no loss to anybody on this account.

22. Reduction of License Fee and Duty Collected from Tea Shops.

Mr. T. A. Ramachandra Ayyar:— The resolution reads thus:-

"This Council recommends to the Government that the license fee and the stamp duty collected from the tea shops by the Health Department be reduced to four annas and one anna respectively".

ഈ വിഷയത്തെപ്പറ്റി വലിയ പ്രസംഗമൊന്നും ചെയ്യേണ്ട ആവശ്യമില്ല. ഒരു രൂപായോ രണ്ടുരൂപായോ മാത്രം മുതലാക്കി കച്ചവടം ചെയ്തുവരുന്ന ഒരു കൂട്ടരുടെ കയ്യിൽനിന്നും പിരിച്ചുവരുന്ന ലൈസൻസുഫീസും സ്റ്റാമ്പുഡ്യൂട്ടിയും കുറച്ചുകൊടുക്കണമെന്നു മാത്രമാണ് ഞാൻ ആവശ്യപ്പെടുന്നതു്. ഈ ഡ്യൂട്ടി പിരിക്കുന്നതുതന്നെ തീരെ ന്യായമല്ലെന്നാ

LIBRARY ARCHIVES Kerala Legislative Assembly